വിഷയം:— സഹകരണ വകുപ്പ്—തൃശൂർ ജില്ല പൂമംഗലം പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം 1018—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 20-6-2025-ലെ കത്ത്.

(2) മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കാട്ടൂർ എസ്.സി.ബി. ഗ്രൂപ്പ് സ്പെഷ്യൽ സെയിൽ ഓഫീസറുടെ സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിൽ നിന്നും മുകുന്ദപുരം സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള ബാങ്ക് തൃശൂർ റീജിയൺ ജനറൽ മാനേജർ എന്നിവർക്ക് 21-7-2025-ന് നൽകിയ JRGTSR/3877/2025/AEL നമ്പർ കത്ത്.

തൃശൂർ ജില്ല, മുകുന്ദപുരം താലൂക്കിന് കീഴിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട പൂമംഗലം പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം 1018 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

സംഘം വളരെ കാലമായി പ്രവർത്തനരഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘത്തിൽ അവസാനമായി ഓഡിറ്റ് നടന്നത് 2010-2011 സാമ്പത്തിക വർഷത്തിലാണെന്നും, 2011-2012 മുതൽ ഓഡിറ്റ് വിഭാഗം സംഘത്തെ "RNA" വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും, സംഘം പുനരുദ്ധരിക്കുന്നതിനോ മറ്റു നടപടികൾ സ്വീകരിക്കുന്നതിനോ ആവശ്യമായ അംഗങ്ങളെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും, തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതി പുനഃസ്ഥാപിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും 66 അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പൂമംഗലം പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം 1018-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ സ്പെഷ്യൽ സെയിൽ ഓഫീസർ V-നെ, കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം

റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(52)

നമ്പർ JRGTSR/3863/2025/AEL. 2025 ആഗസ്റ്റ് 2.

വിഷയം:—സഹകരണ വകുപ്പ്—തൃശൂർ ജില്ല—കേരള പൗൾട്രി ഫാർമേഴ്സ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം ആർ. 1212—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 20-6-2025-ലെ കത്ത്.

(2) മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഇരിഞ്ഞാലക്കുട ടൗൺ സഹകരണ ബാങ്ക് സ്പെഷ്യൽ സെയിൽ ഓഫീസറുടെ സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിൽ നിന്നും മുകുന്ദപുരം സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള ബാങ്ക് തൃശൂർ റീജിയൺ ജനറൽ മാനേജർ എന്നിവർക്ക് 21-7-2025-ന് നൽകിയ JRGTSR/3877/2025/AEL നമ്പർ കത്ത്.

തൃശൂർ ജില്ല, മുകുന്ദപുരം താലൂക്കിന് കീഴിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കേരള പൗൾട്രി ഫാർമേഴ്സ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം ആർ. 1212 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

സംഘം വളരെ കാലമായി പ്രവർത്തനരഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘത്തിൽ 2013-2014 സാമ്പത്തിക വർഷം വരെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെങ്കിലും, ഓഡിറ്റ് വിഭാഗം നിലവിൽ സംഘത്തെ "RNA" വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും, സംഘത്തിന് കേരള ബാങ്ക് ഇരിഞ്ഞാലക്കുട ബ്രാഞ്ചിൽ നിലവിലുള്ള അക്കൗണ്ടിൽ ₹8,564.50 ബാക്കി നിൽപ്പുണ്ടെന്നും, വകുപ്പ് 66 പ്രകാരമുള്ള റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. സംഘം പുനരുദ്ധരിക്കുന്നതിനോ മറ്റു നടപടികൾ സ്വീകരിക്കുന്നതിനോ ആവശ്യമായ അംഗങ്ങളെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും, തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതി പുനഃസ്ഥാപിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും വകുപ്പ് 66 പ്രകാരം അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

കേരള പൗൾട്രി ഫാർമേഴ്സ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം ആർ. 1212-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി മുകന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഇരിഞ്ഞാലക്കുട യൂണിറ്റ് ഇൻസ്പെക്ടറെ കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(53)

നമ്പർ JRGTSR/3866/2025/AEL. 2025 ആഗസ്റ്റ് 2.

വിഷയം:— സഹകരണ വകുപ്പ്—തൃശൂർ ജില്ല കാറളം പഞ്ചായത്ത് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം 1051—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 20-6-2025-ലെ കത്ത്.

(2) മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ആമ്പല്ലൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിൽ നിന്നും മുകുന്ദപുരം സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള ബാങ്ക് തൃശൂർ റീജിയൺ ജനറൽ മാനേജർ എന്നിവർക്ക് 21-7-2025-ന് നൽകിയ JRGTSR/3877/2025/AEL നമ്പർ കത്ത്.

തൃശൂർ ജില്ല, മുകുന്ദപുരം താലൂക്കിന് കീഴിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട കാറളം പഞ്ചായത്ത് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം 1051 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

സംഘം വളരെ കാലമായി പ്രവർത്തനരഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. ഓഡിറ്റ് വിഭാഗം നിലവിൽ സംഘത്തെ “RNA” വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും, സംഘം പുനരുദ്ധരിക്കുന്നതിനോ മറ്റു നടപടികൾ സ്വീകരിക്കുന്നതിനോ ആവശ്യമായ അംഗങ്ങളെ കണ്ടത്താൻ സാധിച്ചിട്ടില്ലെന്നും, തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതി പുനഃസ്ഥാപിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും വകുപ്പ് 66 പ്രകാരം അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കാറളം പഞ്ചായത്ത് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം 1051-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി മുകന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ സ്പെഷ്യൽ സെയിൽ ഓഫീസർ III-നെ, കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(54)

നമ്പർ JRGTSR/4100/2024/AEL K.Dis. 2025 സെപ്റ്റംബർ 3.

വിഷയം:— ചാവക്കാട് താലൂക്ക് കള്ള് ഉൽപാദക സഹകരണ സംഘം ക്ലിപ്തം 318—സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ഈ ഓഫീസിലെ 22-11-1983 തീയതിയിലെ എ ഇ എൽ 8362/1982 നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 30-8-2025-ലെ 1-ാം നമ്പർ തീരുമാനം.

(3) സഹകരണസംഘം അസിസ്റ്റന്റ് ഡയറക്ടർ, ചാവക്കാട്-ന്റെ 30-8-2025-ലെ കത്ത്.

(4) സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ചാവക്കാട്-ന്റെ 10-10-2022, 1-9-2025 എന്നീ തീയതികളിലെ ARGCVD/390 നമ്പർ കത്തുകൾ.

ചാവക്കാട് താലൂക്ക് കള്ള് ഉൽപാദക സഹകരണ സംഘം ക്ലിപ്തം ആർ. 318-ന്റെ രേഖകളും കണക്കുകളും ലഭ്യമല്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (1) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ സൂചന (4) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ ചാവക്കാട് ശുപാർശയോട് കൂടി ഈ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ചാവക്കാട് താലൂക്ക് കള്ള് ഉൽപാദക സഹകരണ സംഘം ക്ലിപ്തം ആർ. 318, 1977 മുതൽ പൂർണ്ണമായും പ്രവർത്തനരഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുറപ്പെടുവിക്കുകയും 31-12-1983-ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്. എന്നാൽ സമാപ്തീകരണ നടപടികൾക്കായി യാതൊരു രേഖകളും ലഭ്യമല്ലാത്തതിനാൽ കേരള ബാങ്കിലും ബന്ധപ്പെട്ട സർവ്വീസ് സഹകരണ സംഘങ്ങളിലും അന്വേഷണം നടത്തിയിട്ടും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടും സംഘത്തെ സംബന്ധിച്ച രേഖകളോ അംഗങ്ങളെയോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (3) തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്.

1-4-1977 മുതൽ കള്ളു ഷാപ്പുകൾ സ്വകാര്യ വ്യക്തികൾ ലേലത്തിലെടുത്തതിനാൽ 1977 മുതൽ പ്രവർത്തനരഹിതമായ മേൽ സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമല്ല എന്ന് അസിസ്റ്റന്റ് ഡയറക്ടർ, ചാവക്കാട് സൂചന (4) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്റെയും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെയും അടിസ്ഥാനത്തിലും താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ചാവക്കാട് താലൂക്ക് കള്ള് ഉൽപാദക സഹകരണ സംഘം ക്ലിപ്തം ആർ. 318-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ഫയലിൽ ലഭ്യമായ റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(55)

നമ്പർ JRGTSR/2093/2024/AEL. 2024 ഡിസംബർ 24.

വിഷയം:—സഹകരണ വകുപ്പ്—പഴയന്നൂർ ബ്ലോക്ക് പ്രിന്റിംഗ് & ബൈന്റിംഗ് സഹകരണ സംഘം ക്ലിപ്തം ആർ. 800—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 23-2-2024-ലെ കത്ത്.

(2) തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പഴയന്നൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിൽ നിന്നും തലപ്പിള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള ബാങ്ക് തൃശൂർ റീജിയൺ ജനറൽ മാനേജർ എന്നിവർക്ക് 27-6-2024-ന് നൽകിയ മേൽ നമ്പർ കത്തുകൾ.

തൃശൂർ ജില്ല, തലപ്പിള്ളി താലൂക്കിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ആർ. 800 പഴയന്നൂർ ബ്ലോക്ക് പ്രിന്റിംഗ് & ബൈന്റിംഗ് സഹകരണ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

സംഘം വളരെ കാലമായി പ്രവർത്തന രഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘം വക റിക്കാർഡുകളെ കുറിച്ചോ അംഗങ്ങളെക്കുറിച്ചോ യാതൊരു വിവരവും ലഭ്യമാകാത്തതിനാൽ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനും ഭരണസമിതി തിരഞ്ഞെടുപ്പ് നടത്തി ഭരണം കൈമാറുന്നതിനും സാധ്യമല്ലെന്നും, സംഘത്തിന് സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലെന്നും, വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ പരാമർശമുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പഴയന്നൂർ ബ്ലോക്ക് പ്രിന്റിംഗ് & ബൈന്റിംഗ് സഹകരണ സംഘം ക്ലിപ്തം ആർ. 800-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എ&ഇ III ഇൻസ്പെക്ടറെ, കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(56)

നമ്പർ JRGTSR/2092/2024/AEL. 2024 ഡിസംബർ 28.

വിഷയം:—സഹകരണ വകുപ്പ്—ചെറുതുരുത്തി പഞ്ചായത്ത് വിവിധോദ്ദേശ്യ സഹകരണ സംഘം ക്ലിപ്തം ആർ. 1230—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 23-2-2024-ലെ കത്ത്.

(2) തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പഴയന്നൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിൽ നിന്നും തലപ്പിള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള ബാങ്ക് തൃശൂർ റീജിയൺ ജനറൽ മാനേജർ എന്നിവർക്ക് 27-6-2024-ന് നൽകിയ മേൽ നമ്പർ കത്തുകൾ.

തൃശൂർ ജില്ല, തലപ്പിള്ളി താലൂക്കിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ആർ. 1230 ചെറുതുരുത്തി പഞ്ചായത്ത് വിവിധോദ്ദേശ്യ സഹകരണ സംഘം ക്ലിപ്തം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

സംഘം വളരെ കാലമായി പ്രവർത്തന രഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘം വക റിക്കാർഡുകളെ കുറിച്ചോ അംഗങ്ങളെക്കുറിച്ചോ യാതൊരു വിവരവും ലഭ്യമാകാത്തതിനാൽ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനും ഭരണസമിതി തിരഞ്ഞെടുപ്പ് നടത്തി ഭരണം കൈമാറുന്നതിനും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാധ്യമല്ലെന്നും, 2006-2007 വരെയുള്ള ഓഡിറ്റ് പൂർത്തിയായതായി അറിയാൻ കഴിഞ്ഞെങ്കിലും ഓഡിറ്റ് സർട്ടിഫിക്കറ്റ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും, ആയതിനാൽ സംഘത്തിന് സ്വന്തമായി ഭൂമിയോ, കെട്ടിടമോ ഉണ്ടോയെന്നും, സർക്കാർ കുടിശ്ശിക ഉണ്ടോയെന്നും അറിയാൻ സാധിച്ചിട്ടില്ലെന്നും വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ പരാമർശമുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ചെറുതുരുത്തി പഞ്ചായത്ത് വിവിധോദ്ദേശ്യ സഹകരണ സംഘം ക്ലിപ്തം ആർ. 1230-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവ്വഹിക്കുന്നതിനായി തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എ&ഇ III ഇൻസ്പെക്ടറെ, കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിനു ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(57)

നമ്പർ JRGTSR/2063/2024/AEL. 2024 ഡിസംബർ 24.

<u>വിഷയം</u>:—സഹകരണ വകുപ്പ്—പഴയന്നൂർ പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം ആർ. 896—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

<u>സൂചന</u>:—(1) തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 23-2-2024-ലെ കത്ത്.

(2) തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പഴയന്നൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിൽ നിന്നും തലപ്പിള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള ബാങ്ക് തൃശ്ശൂർ റീജിയൺ ജനറൽ മാനേജർ എന്നിവർക്ക് 5-7-2024-ന് നൽകിയ മേൽ നമ്പർ കത്തുകൾ.

തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്കിൽ കേരള സഹകരണ സംഘം നിയമപ്രകാരം 26-8-1992-ന് രജിസ്റ്റർ ചെയ്യപ്പെട്ട ആർ. 896 പഴയന്നൂർ പഞ്ചായത്ത് വനിത സഹകരണ സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘം വളരെ കാലമായി പ്രവർത്തനരഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘം വക റിക്കാർഡുകളെ കുറിച്ചോ അംഗങ്ങളെക്കുറിച്ചോ യാതൊരു വിവരവും ലഭ്യമാകാത്തതിനാൽ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനും ഭരണസമിതി തിരഞ്ഞെടുപ്പ് നടത്തി ഭരണം കൈമാറുന്നത് അസാധ്യമാണെന്നും, സംഘത്തിന് സ്വന്തമായി ഭൂമിയോ, കെട്ടിടമോ ഇല്ലെന്നും, ലഭ്യമായ റിക്കാർഡുകൾ പ്രകാരം 1994-95 കാലഘട്ടത്തിലെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളൂ എന്നും സംഘത്തിന് സർക്കാർ കുടിശ്ശികയുണ്ട് എന്നും വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ പരാമർശമുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പഴയന്നൂർ പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം ആർ. 896-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവ്വഹിക്കുന്നതിനായി തലപ്പിള്ളി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എ&ഇ II ഇൻസ്പെക്ടറെ, കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(58)

നമ്പർ JRGTSR/1171/2026/AEL 1-K Dis. 2026 മേയ് 6.

<u>വിഷയം</u>:— സഹകരണ വകുപ്പ്—സംഘം സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

<u>സൂചന</u>:—(1) പ്രവർത്തന രഹിതമായ സംഘങ്ങൾ സമാപ്തീകരണത്തിനായി ശുപാർശ ചെയ്ത് തൃശൂർ ജില്ലയിലെ താലൂക്ക് തല അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-മാർ ശുപാർശ ചെയ്ത് സമർപ്പിച്ച അപേക്ഷകൾ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) തൃശൂർ ജില്ലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ യൂണിറ്റ് ഇൻസ്പെക്ടർമാരുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടുകൾ.

(3) ഈ ഓഫീസിൽ നിന്നും തൃശൂർ, ചാവക്കാട്, മുകുന്ദപുരം, കൊടുങ്ങല്ലൂർ, തലപ്പിള്ളി സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി/ചെയർമാൻ, കേരള ബാങ്ക് തൃശൂർ റീജിയൺ ജനറൽ മാനേജർ എന്നിവർക്ക് 28-4-2026-ന് നൽകിയ JRGTSR/1171/2026/AEL 1 നമ്പർ കത്ത്.

തൃശൂർ ജില്ലയിൽ തൃശൂർ ചാവക്കാട്, മുകുന്ദപുരം, കൊടുങ്ങല്ലൂർ, തലപ്പിള്ളി, കുന്നംകുളം താലൂക്കുകളിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട വിവിധ സഹകരണ സംഘങ്ങൾ സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് തൃശൂർ ജില്ലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ സൂചന (1) പ്രകാരം കത്തുകൾ സമർപ്പിച്ചിരിക്കുന്നു.

സംഘങ്ങൾ വളരെ കാലമായി പ്രവർത്തനരഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി സൂചന (2) പ്രകാരം റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതാണ്. സംഘം വക റിക്കാർഡുകളെക്കുറിച്ചോ അംഗങ്ങളെക്കുറിച്ചോ ആസ്തികളെയും ബാധ്യതകളെയും കുറിച്ചോ യാതൊരു വിവരവും ലഭ്യമല്ലായെന്നും പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനും ഭരണസമിതി തിരഞ്ഞെടുപ്പ് നടത്തി ഭരണം കൈമാറുന്നതിനും സാധ്യമല്ലെന്നും സംഘങ്ങളുടെ സമാപ്തീകരണ നടപടികൾ സ്വീകരിക്കാമെന്നും വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-മാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-മാർ ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്റെയും സൂചന (1) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-മാരുടെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

താഴെ പട്ടികയിൽ ഉൾപ്പെട്ട സംഘങ്ങളുടെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘങ്ങളുടെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി താഴെ പട്ടികയിൽ പറയും പ്രകാരം കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി ലിക്വിഡേറ്റർമാരെ നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥർ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്രമ നമ്പർ	സംഘത്തിന്റെ പേര്	സമാപ്തീകരണ ഉദ്യോഗസ്ഥൻ
(1)	(2)	(3)
1	പടിയൂർ പഞ്ചായത്ത് വനിത വിവിധോദ്ദേശ്യ സഹകരണ സംഘം ക്ലിപ്തം ആർ. 1023	വെള്ളാങ്ങല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
2	വേളൂക്കര പഞ്ചായത്ത് എസ്. സി. സഹകരണ സംഘം ക്ലിപ്തം 722	ആമ്പല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
3	പടിയൂർ പഞ്ചായത്ത് എസ്. സി. സഹകരണ സംഘം ക്ലിപ്തം 759	ആമ്പല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
4	കാട്ടൂർ സഹകരണ കൺസ്യൂമർ സ്റ്റോർ ആർ. 366	ആമ്പല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
5	പൊറത്തിശ്ശേരി പഞ്ചായത്ത് സഹകരണ കൺസ്യൂമർ സ്റ്റോർ 874	ഇരിങ്ങാലക്കുട യൂണിറ്റ് ഇൻസ്പെക്ടർ
6	നടവരമ്പ് കൃഷ്ണ മെറ്റൽ വർക്കേഴ്സ് എംപ്ലോയീസ് സഹകരണ സംഘം 969	ഇരിങ്ങാലക്കുട യൂണിറ്റ് ഇൻസ്പെക്ടർ
7	കാട്ടൂർ പഞ്ചായത്ത് സഹകരണ കൺസ്യൂമർ സ്റ്റോർ ആർ. 866	ആമ്പല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
8	വെള്ളാങ്ങല്ലൂർ ബ്ലോക്ക് ജനറൽ അഗ്രികൾച്ചറൽ മാർക്കറ്റിംഗ് & പ്രോസ്സസിംഗ് സഹകരണ സംഘം ക്ലിപ്തം ആർ. 1089	വെള്ളാങ്ങല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
9	വെള്ളാങ്ങല്ലൂർ സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം ആർ. 288	വെള്ളാങ്ങല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
10	പറപ്പൂക്കര റൂറൽ ഡിസ്പെൻസറി സഹകരണ സംഘം ക്ലിപ്തം ആർ. 351	ആമ്പല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
11	പ്രിയദർശിനി വനിത പഞ്ചായത്ത് കേര കർഷക സഹകരണ സംഘം ക്ലിപ്തം 785	ആമ്പല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
12	മുരിയാട് കായൽ കർഷക സഹകരണ സംഘം ക്ലിപ്തം ആർ. 323	വെള്ളാങ്ങല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
13	ഇരിങ്ങാലക്കുട ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം ക്ലിപ്തം 1038	ആമ്പല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
14	വെള്ളാങ്ങല്ലൂർ പഞ്ചായത്ത് എസ്. സി. സഹകരണ സംഘം ക്ലിപ്തം 990	ആമ്പല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
15	തൃക്കൂർ പഞ്ചായത്ത് മാർക്കറ്റിംഗ് & പ്രോസ്സസിംഗ് സഹകരണ സംഘം ക്ലിപ്തം 961	വെള്ളാങ്ങല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
16	കാറളം പഞ്ചായത്ത് സഹകരണ സ്റ്റോർ ക്ലിപ്തം 867	വെള്ളാങ്ങല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
17	അളഗപ്പ സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം 114	ആമ്പല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
18	ഒരുമനയൂർ പഞ്ചായത്ത് കേര കർഷക സഹകരണ സംഘം ക്ലിപ്തം ആർ. 977	ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടർ
19	ഏങ്ങണ്ടിയൂർ പഞ്ചായത്ത് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം ആർ. 906	ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)
20	ചാവക്കാട് താലൂക്ക് ഭക്ഷ്യോത്പന്ന വിതരണ സഹകരണ സംഘം ക്ലിപ്തം ആർ. 808	ഗുരുവായൂർ യൂണിറ്റ് ഇൻസ്പെക്ടർ
21	പുന്നയൂർക്കുളം പഞ്ചായത്ത് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം ആർ. 889	ഗുരുവായൂർ യൂണിറ്റ് ഇൻസ്പെക്ടർ
22	ഗുരുവായൂർ ടൗൺഷിപ്പ് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം ആർ. 839	ഗുരുവായൂർ യൂണിറ്റ് ഇൻസ്പെക്ടർ
23	ചാവക്കാട് താലൂക്ക് തയ്യൽ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം ആർ. 930	ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടർ
24	ചാവക്കാട് മുൻസിപ്പാലിറ്റി പട്ടികജാതി സഹകരണ സംഘം ക്ലിപ്തം ആർ. 835	ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടർ
25	വടക്കേക്കാട് പഞ്ചായത്ത് കേര കർഷക സഹകരണ സംഘം ക്ലിപ്തം ആർ. 937	ഗുരുവായൂർ യൂണിറ്റ് ഇൻസ്പെക്ടർ
26	കടപ്പുറം പഞ്ചായത്ത് കേരോൽപ്പന്ന സഹകരണ സംഘം ക്ലിപ്തം ആർ. 939	ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടർ
27	ചാവക്കാട് താലൂക്ക് കൺസ്ട്രക്ഷൻ & ജനറൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം ആർ. 846	ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടർ
28	ശ്രീനാരായണപുരം വിവിധോദ്ദേശ സഹകരണ സംഘം ആർ. 1053	എടവിലങ്ങ് യൂണിറ്റ് ഇൻസ്പെക്ടർ
29	കൊടുങ്ങല്ലൂർ താലൂക്ക് എക്സ് സർവ്വീസ് മെൻ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം ക്ലിപ്തം ആർ. 782	കൊടുങ്ങല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
30	കൊടുങ്ങല്ലൂർ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം ആർ. 921	മതിലകം യൂണിറ്റ് ഇൻസ്പെക്ടർ
31	കൊടുങ്ങല്ലൂർ മേഖല ലോറി ടെമ്പോ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം ആർ. 998	മതിലകം യൂണിറ്റ് ഇൻസ്പെക്ടർ
32	കൊടുങ്ങല്ലൂർ വനിത സഹകരണ സംഘം ക്ലിപ്തം ആർ. 1031	മതിലകം യൂണിറ്റ് ഇൻസ്പെക്ടർ
33	കൊടുങ്ങല്ലൂർ താലൂക്ക് ഹോട്ടൽ & കാന്റീൻ സഹകരണ സംഘം ക്ലിപ്തം ആർ. 1053	എടവിലങ്ങ് യൂണിറ്റ് ഇൻസ്പെക്ടർ
34	മാള മേഖല കോഴിത്തീറ്റ ഉത്പാദക വിതരണ വിപണന സഹകരണ സംഘം ക്ലിപ്തം ആർ. 984	കൊടുങ്ങല്ലൂർ യൂണിറ്റ് ഇൻസ്പെക്ടർ
35	കൊടുങ്ങല്ലൂർ തയ്യൽ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം ആർ. 931	എടവിലങ്ങ് യൂണിറ്റ് ഇൻസ്പെക്ടർ
36	തൃശൂർ ജില്ലാ പിഗ് ഫാർമേഴ്സ് സഹകരണ സംഘം ആർ. 957	നടത്തറ യൂണിറ്റ് ഇൻസ്പെക്ടർ
37	തൃശൂർ ജില്ലാ നഴ്സറി പുഷ്പ കർഷക സഹകരണ സംഘം ആർ. 972	ഒല്ലൂക്കര യൂണിറ്റ് ഇൻസ്പെക്ടർ
38	എം.എസ്.എം.ഇ എംപ്ലോയീസ് സഹകരണ സംഘം ആർ. 781	അന്തിക്കാട് യൂണിറ്റ് ഇൻസ്പെക്ടർ
39	തൃശൂർ മേഖല ടൂറിസ്റ്റ് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം ആർ. 1400	അന്തിക്കാട് യൂണിറ്റ് ഇൻസ്പെക്ടർ
40	ചൂണ്ടൽ പഞ്ചായത്ത് കൺസ്യൂമർ സഹകരണ സംഘം ആർ. 882	വേലൂർ യൂണിറ്റ് ഇൻസ്പെക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)
41	കേച്ചേരി പെട്രോൾ ബങ്ക് സഹകരണ സംഘം 902	വേലൂർ യൂണിറ്റ് ഇൻസ്പെക്ടർ
42	ജ്യോതി ലബോറട്ടറി തൊഴിലാളി സഹകരണ സംഘം ആർ. 981	എ & ഇ ഇൻസ്പെക്ടർ
43	പന്തിരുകുലം ഫോക്ലോർ ആർട്ടിസാൻ സഹകരണ സംഘം 1100	വേലൂർ യൂണിറ്റ് ഇൻസ്പെക്ടർ
44	തലപ്പിള്ളി താലൂക്ക് ഹോട്ടൽ ആന്റ് കാന്റീൻ സഹകരണ സംഘം 832	കുന്നംകുളം യൂണിറ്റ് ഇൻസ്പെക്ടർ
45	കുന്നംകുളം മുൻസിപ്പൽ എംപ്ലോയീസ് സഹകരണ സംഘം ആർ. 362	കുന്നംകുളം യൂണിറ്റ് ഇൻസ്പെക്ടർ
46	ചൊവ്വന്നൂർ ബ്ലോക്ക് വനിത സഹകരണ സംഘം ആർ. 1015	എ & ഇ ഇൻസ്പെക്ടർ
47	ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം ആർ. 1029	എ & ഇ ഇൻസ്പെക്ടർ
48	ചൊവ്വന്നൂർ ബ്ലോക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘം ആർ. 261	എ & ഇ ഇൻസ്പെക്ടർ
49	പഴഞ്ഞി ഹരിജൻ സഹകരണ സംഘം ആർ. 702	കുന്നംകുളം യൂണിറ്റ് ഇൻസ്പെക്ടർ
50	വേലൂർ പഞ്ചായത്ത് ജനറൽ അഗ്രിക്കൾച്ചറൽ പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം ആർ. 998	വേലൂർ യൂണിറ്റ് ഇൻസ്പെക്ടർ
51	കേച്ചേരി പ്രൈമറി മാർക്കറ്റിംഗ് സഹകരണ സംഘം 881	വേലൂർ യൂണിറ്റ് ഇൻസ്പെക്ടർ
52	കേരള ക്ഷേത്ര കല സഹകരണ സംഘം ആർ. 684	കുന്നംകുളം യൂണിറ്റ് ഇൻസ്പെക്ടർ
53	തലപ്പിള്ളി താലൂക്ക് മാർക്കറ്റിംഗ് സഹകരണ സംഘം ആർ. 854	കുന്നംകുളം യൂണിറ്റ് ഇൻസ്പെക്ടർ
54	ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ് സഹകരണ സംഘം ആർ. 659	വേലൂർ യൂണിറ്റ് ഇൻസ്പെക്ടർ
55	തൃശൂർ ജില്ലാ കമ്പ്യൂട്ടർ സഹകരണ സംഘം ആർ. 1095	കുന്നംകുളം യൂണിറ്റ് ഇൻസ്പെക്ടർ
56	ചൂണ്ടൽ കേര കർഷക സഹകരണ സംഘം ആർ. 894	വേലൂർ യൂണിറ്റ് ഇൻസ്പെക്ടർ
57	കുന്നംകുളം ബുക്ക് ബൈൻഡിംഗ് സഹകരണ സംഘം 827	കുന്നംകുളം യൂണിറ്റ് ഇൻസ്പെക്ടർ
58	വടക്കാഞ്ചേരി ടെക്നിക്കലി ട്രെയിൻഡ് ഹരിജൻ വെൽഫെയർ സഹകരണ സംഘം ആർ. 516	വടക്കാഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടർ
59	വടക്കാഞ്ചേരി ബ്ലോക്ക് എസ്.സി/എസ്.ടി സഹകരണ സംഘം 963	വടക്കാഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടർ
60	തലപ്പിള്ളി താലൂക്ക് എസ്.സി/എസ്.ടി സഹകരണ സംഘം 1071	വടക്കാഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(59)

നമ്പർ JRGTSR/170/2026/AEL 1/K Dis. 2026 ഏപ്രിൽ 24.

വിഷയം:— സീതാറാം സ്പിന്നിങ് & വീവിങ്ങ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 773 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ഈ ഓഫീസിലെ 19-9-1962 തീയതിയിലെ 5807/58 PLB5 നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 25-2-2026-ലെ 2-ാം നമ്പർ തീരുമാനം.

(3) സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂരിന്റെ 26-6-2025-ലെ AD(A) TSR/43/2025 നമ്പർ കത്ത്.

(4) സഹകരണ സംഘം തൃശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 22-4-2026 തീയതിയിലെ ARGTSR/1354/2025/UI(3) നമ്പർ കത്ത്.

(5) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025 തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം.

സീതാറാം സ്പിന്നിങ് & വീവിങ്ങ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 773-ന്റെ രേഖകളും കണക്കുകളും ലഭ്യമല്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (2) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ സൂചന (4) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ തൃശൂർ ശുപാർശയോട് കൂടി ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

തികച്ചും പ്രവർത്തനരഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സംഘം സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പ്രകാരം സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

എന്നാൽ സമാപ്തീകരണ നടപടികൾക്കായി യാതൊരു രേഖകളും ലഭ്യമല്ലാത്തതിനാൽ കേരളബാങ്കിലും ബന്ധപ്പെട്ട സർവ്വീസ് സഹകരണ സംഘങ്ങളിലും അന്വേഷണം നടത്തിയിട്ടും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടും സംഘത്തെ സംബന്ധിച്ച രേഖകളോ അംഗങ്ങളെയോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (2) തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. പ്രവർത്തന രഹിതമായ മേൽ സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റോ, മറ്റു രേഖകളോ ലഭ്യമല്ലായെന്ന് അസിസ്റ്റന്റ് ഡയറക്ടർ തൃശൂർ സൂചന (3) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജെടുത്തെങ്കിലും തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (5) പ്രകാരം കർശ്ശന നിർദ്ദേശം നൽകിയതിനെ തുടർന്ന് സംഘത്തിന്റെ അന്തിമ പൊതുയോഗം നടത്താൻ തീരുമാനിക്കുകയും അംഗങ്ങളുടെ മേൽ വിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാഹചര്യത്തിൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗനോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ, കേരള സഹകരണ നിയമം ചട്ടം 69 (9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് തൃശൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, കേരള ബാങ്ക് ഹെഡ്ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ 25-2-2026-ന് തൃശൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ വെച്ച് നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല.

മേൽ സാഹചര്യത്തിൽ സീതാറാം സ്പിന്നിങ് & വീവിങ്ങ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 773-ന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73 (3) പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിലും, സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ സൂചന (2) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന തൃശൂർ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

സീതാറാം സ്പിന്നിങ് & വീവിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 773-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ഫയലിൽ ലഭ്യമായ റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ് .

(60)

നമ്പർ JRGTSR/4705/2025/AEL/K Dis. 2025 ഒക്ടോബർ 10.

<u>വിഷയം</u>:—ചാവക്കാട് പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി ക്ലിപ്തം ആർ. 353—സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

<u>സൂചന</u>:—(1) ഈ ഓഫീസിലെ 3-6-1985-ലെ 4778/85/AEL നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 11-9-2025, 27-9-2025 എന്നീ തീയതികളിലെ മേൽ നമ്പർ ഇത്തരവുകൾ.

(3) 27-9-2025-ലെ സംഘത്തിന്റെ അന്തിമ പൊതുയോഗത്തിലെ 3-ാം നമ്പർ തീരുമാനം.

(4) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025 തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം.

(5) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 29-9-2025-ലെ ARGCVD/388/2024-UI-3 നമ്പർ കത്തും അനുബന്ധങ്ങളും.

ആർ. 353 ചാവക്കാട് പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി തികച്ചും പ്രവർത്തനരഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്ന

തിനാലും സംഘം സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 31-12-1986-ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

ലഭ്യമായ 30-6-1984-ലെ ബാക്കി പത്രത്തിന്റെ അടിസ്ഥാനത്തിൽ ചാർജെടുത്തതെങ്കിലും തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം കർശ്ശന നിർദ്ദേശം നൽകിയതിനെ തുടർന്ന് ലിക്വിഡേറ്റർ ടി നടപടികൾ ത്വരിതപ്പെടുത്തുകയും കോമൺ ലിക്വിഡേഷൻ ഫണ്ട് ഉപയോഗിച്ച് ബാക്കി നിൽപുള്ള സർക്കാർ ഓഹരി തിരിച്ചടച്ച് അവസാനിപ്പിക്കുകയും വരവ് ചെലവുകൾ ക്രമപ്പെടുത്തി സംഘത്തിന്റെ 2-9-2025 തീയതിയിലെ ബാക്കി പത്രം പ്രകാരം നിലനിന്നിരുന്ന പിരിച്ചെടുക്കാൻ സാധിക്കാത്ത ആസ്തികൾ കണ്ട് കെട്ടിയും കൊടുത്തുതീർക്കാൻ സാധിക്കാത്ത ബാധ്യതകൾ എഴുതിതള്ളിയും ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

ആയതിനു ശേഷം സംഘത്തിന്റെ അന്തിമ പൊതുയോഗം നടത്താൻ തീരുമാനിക്കുകയും അംഗങ്ങളുടെ മേൽവിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ 12-9-2025-ന് കേരള സഹകരണ നിയമം ചട്ടം 69 (9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് ചാവക്കാട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, ചാവക്കാട് സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസ്, ചാവക്കാട് താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ഓഫീസ്, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) തൃശൂർ ഓഫീസ്, കേരളാ ബാങ്ക് ഗുരുവായൂർ ബ്രാഞ്ച്, ഗുരുവായൂർ വില്ലേജ് ഓഫീസ്, ചാവക്കാട് സബ് രജിസ്ട്രാർ ഓഫീസ്, ചാവക്കാട് താലൂക്ക് ഓഫീസ്, സമീപ പ്രദേശത്തുള്ള സർവ്വീസ് സഹകരണ സംഘങ്ങളായ ചാവക്കാട് സർവ്വീസ് സഹകരണ ബാങ്ക്, ചാവക്കാട് ഫർക്ക സഹകരണ റൂറൽ ബാങ്ക്, ഒരുമനയൂർ സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ 27-9-2025-ന് പകൽ 11 മണിക്ക് ചാവക്കാട് താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ഹാളിൽ വെച്ച് നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല.

സമാപ്തീകരണ നടപടികൾ, പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സംഘം ലിക്വിഡേറ്റർ സൂചന (4) പ്രകാരം തീരുമാനമെടുക്കുകയും ആയത് പ്രകാരം ചാവക്കാട് പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി ക്ലിപ്തം നമ്പർ ആർ. 353-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ചാവക്കാട്) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ആർ. 353 ചാവക്കാട് പഞ്ചായത്ത് സഹകരണ ഡിസ്പെൻസറിയുടെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73 (3) പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിലും, സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

ചാവക്കാട് പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി ക്ലിപ്തം ആർ. 353-ന്റെ സമാപ്തീകരണം പൂർത്തീകരിച്ചുകൊണ്ടുള്ള സമാപ്തീകരണ ഉദ്യോഗസ്ഥന്റെ നടപടികൾ അംഗീകരിച്ച് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(61)

നമ്പർ JRGTSR/2659/2021/AEL/K Dis. 2026 ജനുവരി 23.

വിഷയം:—അമ്മാടം ജോയിന്റ് ഫാമിങ്ങ് സഹകരണ സംഘം ക്ലിപ്തം നമ്പർ 798—സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ഈ ഓഫീസിലെ 26-9-1988 തീയതിയിലെ 329/87 AEL നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 20-9-2025-ലെ 1-ാം നമ്പർ തീരുമാനം.

(3) സംഘം ലിക്വിഡേറ്ററുടെ 20-9-2025-ലെ 2-ാം നമ്പർ തീരുമാനം.

(4) സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂരിന്റെ 26-6-2025-ലെ AD (A) TSR/43/2025 നമ്പർ കത്ത്.

(5) സഹകരണ സംഘം തൃശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 21-1-2026 തീയതിയിലെ ARGTSR /1244/2023/UI(6) (2) നമ്പർ കത്ത്.

അമ്മാടം ജോയിന്റ് ഫാമിങ്ങ് സഹകരണ സംഘം ക്ലിപ്തം നമ്പർ 798-ന്റെ രേഖകളും കണക്കുകളും ലഭ്യമല്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (3) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ സൂചന (5) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ തൃശൂർ ശുപാർശയോട് കൂടി ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. തികച്ചും പ്രവർത്തനരഹിത മായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സംഘം സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പ്രകാരം സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

എന്നാൽ സമാപ്തീകരണ നടപടികൾക്കായി യാതൊരു രേഖകളും ലഭ്യമല്ലാത്തതിനാൽ കേരള ബാങ്കിലും ബന്ധപ്പെട്ട സർവ്വീസ് സഹകരണ സംഘങ്ങളിലും അന്വേഷണം നടത്തിയിട്ടും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടും സംഘത്തെ സംബന്ധിച്ച രേഖകളോ അംഗങ്ങളെയോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (3) തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. പ്രവർത്തനരഹിതമായ മേൽ സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റോ, മറ്റു രേഖകളോ ലഭ്യമല്ലായെന്ന് അസിസ്റ്റന്റ് ഡയറക്ടർ തൃശൂർ സൂചന (4) പ്രകാരം അറിയിച്ചതിനെ തുടർന്ന് സംഘത്തിന്റെ ആസ്തി ബാധ്യതകൾ അറിയുന്നതിനായി ക്ലെയിം നോട്ടീസ് പുറപ്പെടുവിക്കുകയും കേരളാബാങ്കിന്റെ റീജിയണൽ ആഫീസിലേക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം കേരള ബാങ്കിൽ 100 രൂപ സി ക്ലാസ്സ് ഷെയർ ഉള്ളതായി സ്ഥിതീകരണം ലഭിച്ചെങ്കിലും മേൽ ഷെയർ തുക ലിക്വിഡേറ്ററുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിനുവേണ്ടി കത്ത് നൽകിയിട്ടും കേരള ബാങ്കിൽ നിന്ന് തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ സാഹചര്യത്തിൽ ടി തുക എഴുതി തള്ളുന്നതിനും രജിസ്ട്രേഷൻ റദ്ദാക്കുന്നതിനു വേണ്ടിയും തീരുമാനമെടുക്കുന്നതിനു വേണ്ടി സമാപ്തീകരണ ഉദ്യോഗസ്ഥൻ സംഘത്തിന്റെ അന്തിമ പൊതുയോഗം നടത്താൻ തീരുമാനിക്കുകയും അംഗങ്ങളുടെ മേൽവിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്തതിനാൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ, കേരള സഹകരണ നിയമം ചട്ടം 69 (9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, സമീപ പ്രദേശത്തുള്ള സഹകരണ സംഘം പഞ്ചായത്ത് ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ 20-9-2025-ന് തൃശൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ വെച്ച് നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല.

അമ്മാടം ജോയിന്റ് ഫാമിങ്ങ് സഹകരണ സംഘം ക്ലിപ്തം നമ്പർ 798-ന്റെ പേരിലുള്ള കേരള ബാങ്കിലെ 100 രൂപയുടെ C ക്ലാസ് ഷെയർ തുക കേരള ബാങ്കിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് എഴുതി തള്ളാവുന്നതാണെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ സൂചന (2) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73 (3) പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിലും, സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ സൂചന (3) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന തൃശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

അമ്മാടം ജോയിന്റ് ഫാമിങ്ങ് സഹകരണ സംഘം ക്ലിപ്തം നമ്പർ 798-ന്റെ കേരള ബാങ്കിലെ 100 രൂപയുടെ C ക്ലാസ് ഷെയർ എഴുതി തള്ളിക്കൊണ്ടും, ടി ബാങ്കിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ടി ഫയലിൽ ലഭ്യമായ റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(62)

നമ്പർ JRGTSR/2674/2021/AEL 1/K Dis. 2026 ഏപ്രിൽ 22.

വിഷയം:—കിഴക്കുംപാട്ടുകര ഗ്രാമോദ്ധാരണ സഹകരണ സംഘം ക്ലിപ്തം ആർ. 548 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) ബഹുമാനപ്പെട്ട ഡെപ്യൂട്ടി രജിസ്ട്രാർ (ജനറൽ)-ന്റെ 10-8-1974-ലെ 9122/74 കെഡിസ് നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 18-2-2026-ലെ 2-ാം നമ്പർ തീരുമാനം.

(3) സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂരിന്റെ 26-6-2025-ലെ AD (A) TSR/43/2025 നമ്പർ കത്ത്.

(4) സഹകരണ സംഘം തൃശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 28-2-2026- തീയതിയിലെ ARGTSR /1244/2023/UI(6) നമ്പർ കത്ത്.

(5) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025 തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കിഴക്കുംപാട്ടുകര ഗ്രാമോദ്ധാരണ സഹകരണ സംഘം ക്ലിപ്തം ആർ. 548-ന്റെ രേഖകളും കണക്കുകളും ലഭ്യമല്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (2) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ സൂചന (4) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ തൃശൂർ ശുപാർശയോട് കൂടി ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. തികച്ചും പ്രവർത്തനരഹിത മായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സംഘം സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പ്രകാരം സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

എന്നാൽ സമാപ്തീകരണ നടപടികൾക്കായി യാതൊരു രേഖകളും ലഭ്യമല്ലാത്തതിനാൽ കേരളബാങ്കിലും ബന്ധപ്പെട്ട സർവ്വീസ് സഹകരണ സംഘങ്ങളിലും അന്വേഷണം നടത്തിയിട്ടും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടും സംഘത്തെ സംബന്ധിച്ച രേഖകളോ അംഗങ്ങളെയോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (2) തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. പ്രവർത്തനരഹിതമായ മേൽ സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റോ, മറ്റു രേഖകളോ ലഭ്യമല്ലായെന്ന് അസിസ്റ്റന്റ് ഡയറക്ടർ തൃശൂർ സൂചന (3) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജെടുത്തെങ്കിലും തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (5) പ്രകാരം കർശ്ശന നിർദ്ദേശം നൽകിയതിനെ തുടർന്ന് സംഘത്തിന്റെ അന്തിമ പൊതുയോഗം നടത്താൻ തീരുമാനിക്കുകയും അംഗങ്ങളുടെ മേൽവിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ, കേരള സഹകരണ നിയമം ചട്ടം 69 (9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് തൃശൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫിസ് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, സമീപ പ്രദേശത്തുള്ള സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ 18-2-2026-ന് തൃശൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ വെച്ച് നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല.

മേൽ സാഹചര്യത്തിൽ കിഴക്കുംപാട്ടുകര ഗ്രാമോദ്ധാരണ സഹകരണ സംഘം ക്ലിപ്തം ആർ. 548-ന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73 (3) പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിലും, സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ സൂചന (2) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന തൃശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കിഴക്കുംപാട്ടുകര ഗ്രാമോദ്ധാരണ സഹകരണ സംഘം ക്ലിപ്തം ആർ. 548-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ഫയലിൽ ലഭ്യമായ റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(63)

നമ്പർ JRGTSR/2675/2021/AEL 1/K Dis. 2026 ജനുവരി 15.

വിഷയം:— കണിമംഗലം വിവിധോദ്ദേശ സഹകരണ സംഘം ക്ലിപ്തം നമ്പർ 607 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ഈ ഓഫീസിലെ 17-8-1974 തീയതിയിലെ 0/8263/71/KDis നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 20-9-2025-ലെ 1-ാം നമ്പർ തീരുമാനം.

(3) സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ തൃശ്ശൂരിന്റെ 26-6-2025-ലെ AD(A) TSR/43/2025 നമ്പർ കത്ത്.

(4) സഹകരണ സംഘം തൃശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 23-12-2025-ലെ ARGTSR /1244/2023/UI(6) (2) നമ്പർ കത്ത്.

(5) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025 തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം.

കണിമംഗലം വിവിധോദ്ദേശ സഹകരണ സംഘം ക്ലിപ്തം നമ്പർ 607-ന്റെ രേഖകളും കണക്കുകളും ലഭ്യമല്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (2) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ സൂചന (4) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ തൃശൂർ ശുപാർശയോട് കൂടി ഈ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. തികച്ചും പ്രവർത്തന രഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സംഘം സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പ്രകാരം സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

എന്നാൽ സമാപ്തീകരണ നടപടികൾക്കായി യാതൊരു രേഖകളും ലഭ്യമല്ലാത്തതിനാൽ കേരള ബാങ്കിലും ബന്ധപ്പെട്ട സർവ്വീസ് സഹകരണ സംഘങ്ങളിലും അന്വേഷണം നടത്തിയിട്ടും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടും സംഘത്തെ സംബന്ധിച്ച രേഖകളോ അംഗങ്ങളെയോ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന് സമാപതീകരണ ഉദ്യോഗസ്ഥൻ സൂചന (2) തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. പ്രവർത്തന രഹിതമായ മേൽ സംഘത്തിന്റെ ഓഡിറ്റ് സർട്ടിഫിക്കറ്റോ, മറ്റു രേഖകളോ ലഭ്യമല്ലായെന്ന് അസിസ്റ്റന്റ് ഡയറക്ടർ തൃശൂർ സൂചന (3) പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജെടുത്തെങ്കിലും തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തികരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (5) പ്രകാരം കർശ്ശന നിർദ്ദേശം നൽകിയതിനെ തുടർന്ന് സംഘത്തിന്റെ അന്തിമ പൊതുയോഗം നടത്താൻ തീരുമാനിക്കുകയും അംഗങ്ങളുടെ മേൽവിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ, കേരള സഹകരണ നിയമം ചട്ടം 69 (9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് തൃശൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, സമീപ പ്രദേശത്തുള്ള സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ 20-9-2025-ന് തൃശൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ വെച്ച് നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല.

മേൽ സാഹചര്യത്തിൽ കണിമംഗലം വിവിധോദ്ദേശ സഹകരണ സംഘം ക്ലിപ്തം നമ്പർ 607-ന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം73 (3) പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിലും, സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ സൂചന (2) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന തൃശൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കണിമംഗലം വിവിധോദ്ദേശ സഹകരണ സംഘം ക്ലിപ്തം നമ്പർ 607-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ഫയലിൽ ലഭ്യമായ റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(64)

നമ്പർ JRGTSR/188/2022/AEL/K Dis. 2025 സെപ്റ്റംബർ 3.

<u>വിഷയം</u>:—വെള്ളാങ്ങല്ലൂർ ജോയിന്റ് ഫാർമിംഗ് സഹകരണ സംഘം ക്ലിപ്തം ആർ. 216 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

<u>സൂചന</u>:—(1) സംഘം ലിക്വിഡേറ്ററുടെ 26-8-2025-ലെ 1-ാം നമ്പർ തീരുമാനം.

(2) സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുകുന്ദപുരത്തിന്റെ 2-9-2025-ലെ ARGMKM/1/2025-UI(3) നമ്പർ കത്ത്.

വെള്ളാങ്ങല്ലൂർ ജോയിന്റ് ഫാർമിംഗ് സഹകരണ സംഘം ക്ലിപ്തം ആർ. 216-ന്റെ രേഖകളും കണക്കുകളും ലഭ്യമല്ലാത്തതിനാൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ സൂചന (1) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ സൂചന (2) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുകുന്ദപുരം ശുപാർശയോട് കൂടി ഈ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംഘം പ്രവർത്തനരഹിതമായതിനാൽ പുറപ്പെടുവിക്കപ്പെട്ട സമാപ്തീകരണ ഉത്തരവിനെത്തുടർന്ന് 30-6-1977-ന് സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജെടുത്തതായും, 28-2-2005 വരെയുള്ള AEL ഓഡിറ്റ് പൂർത്തീകരിച്ചതായും, ആസ്തി ബാധ്യതകൾ എഴുതിത്തള്ളിയതായും, 21-3-2005-ന് സമാപ്തീകരണ പൊതുയോഗം ചേർന്നതായും, മിനിറ്റ്സ് ആയി ഉപയോഗിച്ചിരുന്ന ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്നും ആയതിനാൽ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്യാൻ അപേക്ഷ സമർപ്പിക്കുന്നതെന്നും സൂചന കത്തിൽ പരാമർശമുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്റെയും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

വെള്ളാങ്ങല്ലൂർ ജോയിന്റ് ഫാർമിംഗ് സഹകരണ സംഘം ക്ലിപ്തം ആർ. 216-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ഫയലിൽ ലഭ്യമായ റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(65)

നമ്പർ JRGTSR/1611/2022/AEL/K Dis. 2026 ജനുവരി 13.

<u>വിഷയം</u>:—കുന്നംകുളം ടൗൺ കൺസ്യൂമർ സ്റ്റോർ സഹകരണ സംഘം ക്ലിപ്തം 251 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

<u>സൂചന</u>:—(1) ഈ ഓഫീസിലെ 22-9-1973 തീയതിയിലെ 0/4950/73 നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 18-9-2025 തീയതിയിലെ മേൽ നമ്പർ ഉത്തരവ്.

(3) 22-10-2025-ലെ സംഘത്തിന്റെ അന്തിമ പൊതുയോഗത്തിലെ 3-ാം നമ്പർ തീരുമാനം.

(4) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025 തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം.

(5) കുന്നംകുളം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 20-11-2025-ലെ കത്തും അനുബന്ധങ്ങളും.

കുന്നംകുളം ടൗൺ കൺസ്യൂമർ സ്റ്റോർ സഹകരണ സംഘം ക്ലിപ്തം 251 തികച്ചും പ്രവർത്തനരഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സംഘം സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 6-10-1973-ൽ സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജെടുത്തെങ്കിലും തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം കർശ്ശന നിർദ്ദേശം നൽകിയതിനെ തുടർന്ന് വരവ് ചെലവുകൾ ക്രമപ്പെടുത്തി സംഘത്തിന്റെ 30-8-2025 തീയതിയിലെ ബാക്കിപത്രം പ്രകാരം നിലനിന്നിരുന്ന പിരിച്ചെടുക്കാൻ സാധിക്കാത്ത ആസ്തികൾ കണ്ടുകെട്ടിയും കൊടുത്തുതീർക്കാൻ സാധിക്കാത്ത ബാധ്യതകൾ എഴുതിത്തള്ളിയും ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയതിനുശേഷം സംഘത്തിന്റെ അന്തിമ പൊതുയോഗം നടത്താൻ തീരുമാനിക്കുകയും അംഗങ്ങളുടെ മേൽവിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ, കേരള സഹകരണ നിയമം ചട്ടം 69 (9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് കുന്നംകുളം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) തൃശൂർ ഓഫീസ്, കേരള ബാങ്ക് കുന്നംകുളം ബ്രാഞ്ച്, വില്ലേജ് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, താലൂക്ക് ഓഫീസ്, സമീപ പ്രദേശത്തുള്ള സർവ്വീസ് സഹകരണ സംഘങ്ങളായ പഴഞ്ഞി സർവ്വീസ് സഹകരണ ബാങ്ക്, കാട്ടകാമ്പാൽ സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ 22-10-2025-ന് പകൽ 11 മണിക്ക് കുന്നംകുളം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് ഹാളിൽ വെച്ച് നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല.

സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സംഘം ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുക്കുകയും ആയത് പ്രകാരം കുന്നംകുളം ടൗൺ കൺസ്യൂമർ സ്റ്റോർ സഹകരണ സംഘം ക്ലിപ്തം 251-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് കുന്നംകുളം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കുന്നംകുളം ടൗൺ കൺസ്യൂമർ സ്റ്റോർ സഹകരണ സംഘം ക്ലിപ്തം 251-ന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം73 (3) പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിലും, സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന കുന്നംകുളം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കുന്നംകുളം ടൗൺ കൺസ്യൂമർ സ്റ്റോർ സഹകരണ സംഘം ക്ലിപ്തം 251-ന്റെ സമാപ്തീകരണം പൂർത്തീകരിച്ചുകൊണ്ടുള്ള സമാപ്തീകരണ ഉദ്യോഗസ്ഥന്റെ നടപടികൾ അംഗീകരിച്ച് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(66)

നമ്പർ JRGTSR/1613/2022/AEL/K Dis. 2025 നവംബർ 5.

വിഷയം:—പെങ്ങാമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 161—സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) 23-10-1978 തീയതിയിലെ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ക്രെഡിറ്റ്) തിരുവനന്തപുരത്തിന്റെ CRP 1/12465/78-ലെ 4778/85/AEL നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 12-9-2025 തീയതിയിലെ മേൽ നമ്പർ ഉത്തരവ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) 27-9-2025-ലെ സംഘത്തിന്റെ അന്തിമ പൊതുയോഗത്തിലെ 4-ാം നമ്പർ തീരുമാനം.

(4) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025 തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം.

(5) കുന്നംകുളം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 6-10-2025-ലെ കത്തും അനുബന്ധങ്ങളും.

161 പെങ്ങാമുക്ക് സർവ്വീസ് സഹകരണ ബാങ്ക് തികച്ചും പ്രവർത്തന രഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും സംഘം സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 10-4-1979-ൽ സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

ലഭ്യമായ 10-4-1979-ലെ ബാക്കിപത്രത്തിന്റെ അടിസ്ഥാനത്തിൽ ചാർജെടുത്തതെങ്കിലും തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം കർശ്ശന നിർദ്ദേശം നൽകിയതിനെ തുടർന്ന് വരവ് ചെലവുകൾ ക്രമപ്പെടുത്തി സംഘത്തിന്റെ 30-8-2025 തീയതിയിലെ ബാക്കി പത്രം പ്രകാരം നിലനിന്നിരുന്ന പിരിച്ചെടുക്കാൻ സാധിക്കാത്ത ആസ്തികൾ കണ്ട് കെട്ടിയും കൊടുത്തുതീർക്കാൻ സാധിക്കാത്ത ബാധ്യതകൾ എഴുതിത്തള്ളിയും ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

ആയതിനുശേഷം സംഘത്തിന്റെ അന്തിമ പൊതുയോഗം നടത്താൻ തീരുമാനിക്കുകയും അംഗങ്ങളുടെ മേൽ വിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ 16-9-2025-ന് കേരള സഹകരണ നിയമം ചട്ടം 69 (9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് കുന്നംകുളം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) തൃശൂർ ഓഫീസ്, കേരളാബാങ്ക് കുന്നംകളം ബ്രാഞ്ച്, വില്ലേജ് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, താലൂക്ക് ഓഫീസ്, സമീപ പ്രദേശത്തുള്ള സർവ്വീസ് സഹകരണ സംഘങ്ങളായ പഴഞ്ഞി സർവ്വീസ് സഹകരണ ബാങ്ക്, കാട്ടകാമ്പാൽ സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ 27-9-2025-ന് പകൽ 11 മണിക്ക് കുന്നംകുളം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ് ഹാളിൽ വെച്ച് നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല.

സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സംഘം ലിക്വിഡേറ്റർ സൂചന (4) പ്രകാരം തീരുമാനമെടുക്കുകയും ആയത് പ്രകാരം പെങ്ങാമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 161-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് കുന്നംകുളം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 161 പെങ്ങാമുക്ക് സർവ്വീസ് സഹകരണ ബാങ്കിന്റെ സമാപ്തീകരണ നടപടികൾ സഹകരണ സംഘം നിയമം 73 (3) പ്രകാരം പൂർത്തീകരിച്ച സാഹചര്യത്തിലും സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സമാപ്തീകരണ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന കുന്നംകുളം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

പെങ്ങാമുക്ക് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 161-ന്റെ സമാപ്തീകരണം പൂർത്തീകരിച്ചുകൊണ്ടുള്ള സമാപ്തീകരണ ഉദ്യോഗസ്ഥന്റെ നടപടികൾ അംഗീകരിച്ച് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(67)

നമ്പർ JRGTSR/3145/2022/AEL/K Dis. 2026 ഏപ്രിൽ 23.

വിഷയം:—കൊടുങ്ങല്ലൂർ കൊപ്ര മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം 560 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (Marketing & Processing) തിരുവനന്തപുരത്തിന്റെ 9-12-1974-ലെ MP(3)-730861/74 നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 14-1-2026-ലെ മേൽ നമ്പർ ഉത്തരവ്.

(3) 7-2-2026-ലെ സംഘത്തിന്റെ അന്തിമ പൊതുയോഗത്തിലെ 4-ാം നമ്പർ തീരുമാനം.

(4) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025 തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം.

(5) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൊടുങ്ങല്ലൂരിന്റെ 23-3-2026-ലെ കത്തും അനുബന്ധങ്ങളും.

കൊടുങ്ങല്ലൂർ കൊപ്ര മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം 560-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി സൂചന (3) പ്രകാരം തീരുമാനം കൈക്കൊണ്ട് സമാപ്തീകരണ ഉദ്യോഗസ്ഥൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കൊടുങ്ങല്ലൂർ കൊപ്ര മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം 560 തികച്ചും പ്രവർത്തനരഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും, സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

സമാപ്തീകരണ ഉദ്യോഗസ്ഥൻ 31-12-1974-ന് ചാർജെടുത്തെങ്കിലും തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം കർശന നിർദ്ദേശം നൽകിയതിനെ തുടർന്ന് ലിക്വിഡേറ്റർ ടി നടപടികൾ ത്വരിതപ്പെടുത്തുകയും, ആസ്തികൾ ഈടാക്കിയതിനും ബാധ്യതകൾ കൊടുത്തുതീർത്തതിനും ശേഷം വരവ് ചെലവുകൾ ക്രമപ്പെടുത്തി ബാക്കി നിൽക്കുന്ന പിരിച്ചെടുക്കാൻ സാധിക്കാത്ത ആസ്തികൾ കണ്ട് കെട്ടിയും കൊടുത്തുതീർക്കാൻ സാധിക്കാത്ത ബാധ്യതകൾ എഴുതിതള്ളിയും ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

ആയതിനുശേഷം സംഘത്തിന്റെ അന്തിമ പൊതുയോഗം മേത്തല സർവ്വീസ് സഹകരണ ബാങ്ക് ഹെഡ് ഓഫീസ് അങ്കണത്തിൽ 7-2-2026-ന് പകൽ പതിനൊന്ന് മണിക്ക് നടത്താൻ

തീരുമാനിക്കുകയും, അംഗങ്ങളുടെ മേൽവിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ കേരള സഹകരണ നിയമം ചട്ടം 69 (9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് കൊടുങ്ങല്ലൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, തൃശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, മേത്തല, ലോകമല്ലേശ്വരം, പുല്ലൂറ്റ്, പൊയ്യ എന്നീ സർവ്വീസ് സഹകരണ ബാങ്കുകൾ, കേരളാബാങ്ക് കൊടുങ്ങല്ലൂർ, കോട്ടപ്പുറം ബ്രാഞ്ച്, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി ഓഫീസ്, മേത്തല വില്ലേജ് ഓഫീസ് എന്നീ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ അന്നേ ദിവസം നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല. സൂചന (2) ഉത്തരവിന് ശേഷം സംഘത്തിൽ ലഭ്യമായ തുകയിൽ നിന്നും 15% തുകയായ ₹563 7-3-2026 തീയതിയിലെ KL 045793842202526E നമ്പർ ചലാൻ പ്രകാരം ലിക്വിഡേഷൻ ചാർജ്ജിനത്തിൽ സർക്കാരിലേക്ക് ഒടുക്കുകയും ബാക്കി നിൽപ് തുക ലിക്വിഡേറ്ററുടെ അക്കൗണ്ടിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സംഘം ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുക്കുകയും ആയത് പ്രകാരം കൊടുങ്ങല്ലൂർ കൊപ്ര, മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം 560-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് കൊടുങ്ങല്ലൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, കൊടുങ്ങല്ലൂർ കൊപ്ര മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം 560-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സംഘത്തിന്റെ അവസാന പൊതുയോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന കൊടുങ്ങല്ലൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കൊടുങ്ങല്ലൂർ കൊപ്ര മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം 560-ന്റെ സമാപ്തീകരണം പൂർത്തീകരിച്ചു കൊണ്ടുള്ള സമാപ്തീകരണ ഉദ്യോഗസ്ഥന്റെ നടപടികൾ അംഗീകരിച്ച് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(68)

നമ്പർ JRGTSR/453/2024/AEL/K Dis. 2026 ഏപ്രിൽ 23.

വിഷയം:— കുഴൂർ ജോയിന്റ് ഫാർമിംഗ് സഹകരണ സംഘം ക്ലിപ്തം 226—സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (Marketing & Processing) തിരുവനന്തപുരത്തിന്റെ 11-9-1971-ലെ പി.എൽ. (4) 43102/1969 നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 14-1-2026-ലെ മേൽ നമ്പർ ഉത്തരവ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) 29-1-2026-ലെ സംഘത്തിന്റെ അന്തിമ പൊതുയോഗത്തിലെ 1-ാം നമ്പർ തീരുമാനം.

(4) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025 തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം.

(5) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ചാലക്കുടിയുടെ 7-2-2026-ലെ ARGCKY/811/2025-UI-1 നമ്പർ കത്തും അനുബന്ധങ്ങളും.

കുഴൂർ ജോയിന്റ് ഫാർമിംഗ് സഹകരണ സംഘം ക്ലിപ്തം 226-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി സൂചന (3) പ്രകാരം തീരുമാനം കൈക്കൊണ്ട് സമാപ്തീകരണ ഉദ്യോഗസ്ഥൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കുഴൂർ ജോയിന്റ് ഫാർമിംഗ് സഹകരണ സംഘം ക്ലിപ്തം 226 തികച്ചും പ്രവർത്തന രഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യത ഇല്ലാതിരുന്നതിനാലും, സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

ലഭ്യമായ 30-6-1970-ലെ ബാക്കി പത്രത്തിന്റെ അടിസ്ഥാനത്തിൽ ചാർജെടുത്തെങ്കിലും തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം കർശന നിർദ്ദേശം നൽകിയതിനെ തുടർന്ന് ലിക്വിഡേറ്റർ ടി നടപടികൾ ത്വരിതപ്പെടുത്തുകയും, ആസ്തികൾ ഈടാക്കിയതിനും ബാധ്യതകൾ കൊടുത്തുതീർത്തതിനും ശേഷം വരവ് ചെലവുകൾ ക്രമപ്പെടുത്തി ബാക്കി നിൽക്കുന്ന പിരിച്ചെടുക്കാൻ സാധിക്കാത്ത ആസ്തികൾ കണ്ട് കെട്ടിയും കൊടുത്തുതീർക്കാൻ സാധിക്കാത്ത ബാധ്യതകൾ എഴുതിതള്ളിയും ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

ആയതിനു ശേഷം സംഘത്തിന്റെ അന്തിമ പൊതുയോഗം 540-ാം നമ്പർ കുഴൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസിൽ വെച്ച് 29-1-2026-ന് പകൽ പതിനൊന്ന് മണിക്ക് നടത്താൻ തീരുമാനിക്കുകയും, അംഗങ്ങളുടെ മേൽവിലാസമോ മറ്റ് വിവരങ്ങളോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ തപാൽ മുഖേനയോ മറ്റോ പൊതുയോഗ നോട്ടീസ് വിതരണം ചെയ്യാൻ കഴിയില്ല എന്നതിനാൽ കേരള സഹകരണ നിയമം ചട്ടം 69 (9) പ്രകാരമുള്ള അന്തിമ പൊതുയോഗ നോട്ടീസ് ചാലക്കുടി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കുഴൂർ സർവ്വീസ് സഹകരണ ബാങ്ക്, കേരള ബാങ്ക് അന്നമനട ബ്രാഞ്ച്, കുഴൂർ പഞ്ചായത്ത് ഓഫീസ്, കാക്കുള്ളിശ്ശേരി, തിരുമുക്കുളം വില്ലേജ് ഓഫീസ്, അന്നമനട സബ് രജിസ്ട്രാർ ഓഫീസ് എന്നീ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ അന്നേ ദിവസം നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല. സൂചന (2) ഉത്തരവിന് ശേഷം സംഘത്തിൽ ലഭ്യമായ തുകയിൽ നിന്നും 15 % തുകയായ ₹4,491 ലിക്വിഡേഷൻ ചാർജ്ജിനത്തിൽ സർക്കാരിലേക്ക് ഒടുക്കുകയും ബാക്കി നിൽപ് തുക ലിക്വിഡേറ്ററുടെ അക്കൗണ്ടിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സംഘം ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുക്കുകയും ആയത് പ്രകാരം കുഴൂർ ജോയിന്റ് ഫാർമിംഗ് സഹകരണ സംഘം ക്ലിപ്തം 266-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ചാലക്കുടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കുഴൂർ ജോയിന്റ് ഫാർമിംഗ് സഹകരണ സംഘം ക്ലിപ്തം 266-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സംഘത്തിന്റെ അവസാന പൊതുയോഗത്തിന്റെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തീരുമാനത്തിന്റെ അടിസ്ഥാനത്തിലും രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന ചാലക്കുടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശിപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കുഴൂർ ജോയിന്റ് ഫാർമിംഗ് സഹകരണ സംഘം ക്ലിപ്തം 266-ന്റെ സമാപ്തീകരണം പൂർത്തീകരിച്ചുകൊണ്ടുള്ള സമാപ്തീകരണ ഉദ്യോഗസ്ഥന്റെ നടപടികൾ അംഗീകരിച്ച് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(69)

നമ്പർ JRGTSR/461/2024/AEL/K Dis. 2026 ജനുവരി 16.

വിഷയം:—കൊടുങ്ങല്ലൂർ കള്ളുത്പാദക സഹകരണ സംഘം ആർ. 317 സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ഈ ഓഫീസിലെ 3-6-1985-ലെ 4776/85/ AEL നമ്പർ ഉത്തരവ്.

(2) ഈ ഓഫീസിലെ 9-9-2025-ലെ മേൽ നമ്പർ ഉത്തരവ്.

(3) 30-9-2025-ലെ സംഘത്തിന്റെ അന്തിമ പൊതുയോഗത്തിലെ 4-ാം നമ്പർ തീരുമാനം.

(4) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 30-8-2025 തീയതിയിലെ ഓൺലൈൻ മീറ്റിംഗിൽ ലഭിച്ച കർശന നിർദ്ദേശം.

(5) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൊടുങ്ങല്ലൂർ-ന്റെ 15-1-2026-ലെ കത്ത്.

കൊടുങ്ങല്ലൂർ കള്ളുത്പാദക സഹകരണ സംഘം ആർ. 317-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനായി സൂചന (3) പ്രകാരം തീരുമാനം കൈക്കൊണ്ട് സമാപ്തീകരണ ഉദ്യോഗസ്ഥൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കൊടുങ്ങല്ലൂർ കള്ളുത്പാദക സഹകരണ സംഘം ആർ. 317 തികച്ചും പ്രവർത്തന രഹിതമായതിനാലും പുനരുദ്ധീകരണത്തിന് യാതൊരു സാധ്യതയും ഇല്ലാതിരുന്നതിനാലും, സമാപ്തീകരിക്കുന്നതിനായി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുക്കുകയും ചെയ്തതാണ്.

ചാർജെടുത്തതെങ്കിലും തുടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതിനാൽ ആയവ അടിയന്തിരമായി പൂർത്തീകരിക്കാൻ ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (3) പ്രകാരം കർശ്ശന നിർദ്ദേശം നൽകിയതിനെ തുടർന്ന് ലിക്വിഡേറ്റർ ടി നടപടികൾ ത്വരിതപ്പെടുത്തുകയും, വരവ് ചെലവുകൾ ക്രമപ്പെടുത്തി സംഘത്തിന്റെ ബാക്കി പത്രം പ്രകാരം നിലനിന്നിരുന്ന പിരിച്ചെടുക്കാൻ സാധിക്കാത്ത ആസ്തികൾ കണ്ട് കെട്ടിയും കൊടുത്തുതീർക്കാൻ സാധിക്കാത്ത ബാധ്യതകൾ എഴുതിത്തള്ളിയും ഈ ഓഫീസിൽ നിന്നും സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തതാണ്.

ആയതിനുശേഷം സംഘത്തിന്റെ അന്തിമ പൊതുയോഗം 30-9-2025-ന് ചേർന്നു. അന്നേ ദിവസം നടന്ന അന്തിമ പൊതുയോഗത്തിൽ അംഗങ്ങളാരും തന്നെ ഹാജരായിരുന്നില്ല. സംഘത്തിന്റെ ആസ്തിബാധ്യതകൾ എഴുതിത്തള്ളിയ റിപ്പോർട്ട് വായിച്ച് റെക്കോർഡ് ആക്കുക, ബാക്കി നിൽപുള്ള തുകയുടെ 15% തുകയായ ₹2,297.1 സർക്കാരിലേക്ക് അടയ്ക്കുക, നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് ജോയിന്റ് രജിസ്ട്രാറോട് അപേക്ഷിക്കുക എന്നീ തീരുമാനങ്ങൾ മേൽ പൊതുയോഗത്തിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൈക്കൊണ്ടിട്ടുണ്ട്. ആയത് പ്രകാരം സർക്കാരിലേക്ക് ₹2,298 ഒടുക്കി KL 04219416202526E (Dated-14-1-2026) നമ്പർ ചലാൻ ഹാജരാക്കുകയും ബാക്കി തുക ലിക്വിഡേറ്ററുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് സംഘം ലിക്വിഡേറ്റർ സൂചന (3) പ്രകാരം തീരുമാനമെടുക്കുകയും ആയത് പ്രകാരം കൊടുങ്ങല്ലൂർ കള്ളുത്പാദക സഹകരണ സംഘം ആർ. 317-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് കൊടുങ്ങല്ലൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൊടുങ്ങല്ലൂർ കള്ളുത്പാദക സഹകരണ സംഘം ആർ. 317-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യണമെന്ന സംഘത്തിന്റെ അവസാന പൊതുയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന കൊടുങ്ങല്ലൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

കൊടുങ്ങല്ലൂർ കള്ളുത്പാദക സഹകരണ സംഘം ആർ. 317-ന്റെ സമാപ്തീകരണം പൂർത്തീകരിച്ചു കൊണ്ടുള്ള സമാപ്തീകരണ ഉദ്യോഗസ്ഥന്റെ നടപടികൾ അംഗീകരിച്ച് പ്രസ്തുത സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(70)

നമ്പർ JRGTSR/503/2024/CRB-1/K Dis. 2025 ആഗസ്റ്റ് 2.

വിഷയം:—നാഷണൽ എനർജി & വേസ്റ്റ് മാനേജ്മെന്റ് മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം 4484—സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 14-8-2024-ലെ RCS/1498/2024-MT-(4)/L-Dis നമ്പർ കത്ത്.

(2) ചാലക്കുടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 14-2-2019-ലെ 775/18 നമ്പർ പ്രകാരവും 14-10-2022-ലെ 1872/2022 നമ്പർ പ്രകാരവും, 13-11-2024-ലെ ARGCKY/1419/2024-UI(2) നമ്പർ പ്രകാരമുള്ള കത്തുകൾ.

(3) ഈ ഓഫീസിലെ 21-7-2025-ലെ മേൽ നമ്പർ കത്ത്.

(4) കേരള സർക്കാരിന്റെ 28-6-1969-ലെ 255/69-ാം നമ്പർ നോട്ടിഫിക്കേഷൻ

ബഹു. രജിസ്ട്രാറുടെ 30-11-2017-ലെ MT(4)45615/12 നമ്പർ ഉത്തരവ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട 4484-ാം നമ്പർ നാഷണൽ എനർജി & വേസ്റ്റ് മാനേജ്മെന്റ് മൾട്ടി പർപ്പസ് സഹകരണ സംഘത്തെ കേരള സഹകരണ നിയമം വകുപ്പ് 71 (2) (ബി)-ക്ക് അനുസൃതമായി നിറുത്തൽ ചെയ്യേണ്ടതാണെന്ന നിർദ്ദേശത്തോടെ ബഹു. രജിസ്ട്രാറിൽ നിന്നും സൂചന (1) പ്രകാരം കത്ത് ലഭ്യമായിട്ടുണ്ട്.

ബഹു. രജിസ്ട്രാറുടെ 30-11-2017-ലെ MT(4)45615/12 നമ്പർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ലഭ്യമായെങ്കിലും സംഘത്തിൽ ആദ്യ പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയുണ്ടായിട്ടില്ലെന്നും, സംഘം രജിസ്റ്റർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെയ്യുന്നതിനായി 2012 കാലഘട്ടത്തിൽ രൂപീകരിച്ച പ്രോമോട്ടിങ്ങ് കമ്മിറ്റി തന്നെയാണ് 2019 കാലഘട്ടത്തിലും ഭരണനിർവഹണം നടത്തുന്നതെന്നും, നിയമാനുസരണം രൂപീകരിക്കേണ്ട താൽക്കാലിക ഭരണസമിതി രൂപീകരിച്ചിട്ടില്ലെന്നും, സംഘത്തിൽ തിരഞ്ഞെടുപ്പ് നടന്നിട്ടില്ലെന്നും സൂചന (1) കത്ത് പ്രകാരം ചാലക്കുടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

രജിസ്ട്രേഷൻ നടപടികൾക്ക് ശേഷം സഹകരണ നിയമം ചട്ടം 8 പ്രകാരം 3 മാസത്തിനകം നടത്തേണ്ട ആദ്യ പൊതുയോഗം നടത്തിയിട്ടില്ലെന്നും, സംഘത്തിൽ നാളിത് വരെ ഓഡിറ്റ് നടത്തിയിട്ടില്ലെന്നും ഓഡിറ്റ് വിഭാഗം സംഘത്തെ “RNA” വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും സൂചന (1) പ്രകാരമുള്ള റിപ്പോർട്ടിൽ ചാലക്കുടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പരാമർശിച്ചിട്ടുണ്ട്.

മേൽ റിപ്പോർട്ടുകൾ ബഹു. രജിസ്ട്രാർക്ക് കൈമാറിയതിനെ തുടർന്ന് ടി സംഘത്തെ സഹകരണ നിയമം വകുപ്പ് 71 (2) (ബി) പ്രകാരം നിറുത്തൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാൻ സൂചന (1) പ്രകാരം ബഹു. രജിസ്ട്രാർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ആയതിനെത്തുടർന്ന് ഈ ഓഫീസിലെ സൂചന (3) കത്ത് പ്രകാരം കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ, സംഘം രജിസ്ട്രേഷനു ശേഷം ആറുമാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന സൂചന (2) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ സൂചന (1) നിർദ്ദേശം പാലിച്ച് സൂചന (4) നോട്ടിഫിക്കേഷൻ പ്രകാരം എന്നിൽ ആർജ്ജിതമായ അധികാരം ഉപയോഗിച്ച് സഹകരണ നിയമം വകുപ്പ് 71(2) (ബി) ക്കനുസൃതമായി താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

4484-ാം നമ്പർ നാഷണൽ എനർജി & വേസ്റ്റ് മാനേജ്മെന്റ് മൾട്ടി പർപ്പസ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ, കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71(2) (ബി) പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ആയത് സംബന്ധിച്ച റിക്കാർഡുകൾ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും പിന്നീട് ഈ ഓഫീസിന്റെ മുൻകൂർ അനുമതി വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

(71)

നമ്പർ JRGTSR/4079/2025/AEL/K Dis. 2025 ആഗസ്റ്റ് 11.

വിഷയം:—സഹകരണ വകുപ്പ് തൃശൂർ ജില്ല—ഏങ്ങണ്ടിയൂർ കൺസ്യൂമർ സഹകരണ സംഘം—ക്ലിപ്തം ആർ. 905 സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 6-11-2023-ലെ ARGCVD/188/2023-OI നമ്പർ കത്ത്.

(2) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിലെ 21-7-2025-ലെ JRGTSR/503/2024/CRB നമ്പർ കത്ത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തൃശൂർ ജില്ല ചാവക്കാട് താലൂക്കിന് കീഴിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഏങ്ങണ്ടിയൂർ കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം ആർ. 905 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

1-9-1992-ന് ഏങ്ങണ്ടിയൂർ ആസ്ഥാനമായി രജിസ്റ്റർ ചെയ്യപ്പെടുകയും 2-9-1992-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത മേൽ സംഘം വളരെ കാലമായി പ്രവർത്തന രഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘത്തിൽ 2013-2014 സാമ്പത്തിക വർഷം വരെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെങ്കിലും ഓഡിറ്റ് വിഭാഗം നിലവിൽ സംഘത്തെ "RNA" വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും സംഘത്തിൽ ₹840 ഓഹരി ഇനത്തിലും ₹ 375 നീക്കിയിരിപ്പ് ഇനത്തിലും ബാക്കിനിൽപ്പുള്ളതായും സംഘം പുനരുദ്ധരിക്കുന്നതിനോ, തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതി പുനഃസ്ഥാപിക്കുന്നതിനോ സാദ്ധ്യമല്ലെന്നും വകുപ്പ് 66 പ്രകാരം അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

ഏങ്ങണ്ടിയൂർ കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം ആർ. 905-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടറെ, കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(72)

നമ്പർ JRGTSR/4073/2025/AEL/K Dis. 2025 ആഗസ്റ്റ് 13.

<u>വിഷയം</u>:— സഹകരണ വകുപ്പ് തൃശൂർ ജില്ല— പുന്നയൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം ആർ. 790— സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സൂചന:—(1) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 26-12-2024-ലെ ARGCVD/583/2023-OI നമ്പർ കത്ത്.

(2) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസില പാവറട്ടി എസ്.സി.ബി. ഗ്രൂപ്പ് സ്പെഷ്യൽ സെയിൽ ഓഫീസറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിലെ 21-7-2025-ലെ JRGTSR/503/2024/ CRB നമ്പർ കത്ത്.

തൃശൂർ ജില്ല ചാവക്കാട് താലൂക്കിന് കീഴിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട പുന്നയൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം ആർ. 790 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

10-10-1989-ന് എടക്കഴിയൂർ ആസ്ഥാനമായി രജിസ്റ്റർ ചെയ്യപ്പെടുകയും 15-12-1989-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത മേൽ സംഘം വളരെ കാലമായി പ്രവർത്തന രഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘത്തിൽ 2010-2011 സാമ്പത്തിക വർഷം വരെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെങ്കിലും ഓഡിറ്റ് വിഭാഗം നിലവിൽ സംഘത്തെ “RNA” വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും സംഘത്തിൽ ₹43,490 ഓഹരി ഇനത്തിലും, ₹40,000 ഗവൺമെന്റ് ഷെയർ ഇനത്തിലും ബാക്കിനിൽപ്പുള്ളതായും സംഘം പുനരുദ്ധരിക്കുന്നതിനോ, തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതി പുനഃസ്ഥാപിക്കുന്നതിനോ സാധ്യമല്ലെന്നും വകുപ്പ് 66 പ്രകാരം അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

പുന്നയൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം ആർ. 790-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടറെ, കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(73)

നമ്പർ JRGTSR/4072/2025/AEL/K Dis. 2025 ആഗസ്റ്റ് 13.

വിഷയം:— സഹകരണ വകുപ്പ്—തൃശൂർ ജില്ല— മണത്തല പട്ടികജാതി സഹകരണ സംഘം ക്ലിപ്തം ആർ. 100—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 11-7-2025-ലെ ARGCVD/36/2025-OI നമ്പർ കത്ത്.

(2) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഗുരുവായൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിലെ 21-7-2025-ലെ JRGTSR/503/2024/ CRB നമ്പർ കത്ത്.

തൃശൂർ ജില്ല, ചാവക്കാട് താലൂക്കിന് കീഴിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട മണത്തല പട്ടികജാതി സഹകരണ സംഘം ക്ലിപ്തം ആർ. 100 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

26-3-1959-ന് മണത്തല ആസ്ഥാനമായി രജിസ്റ്റർ ചെയ്യപ്പെടുകയും 28-5-1959-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്ത മേൽ സംഘം വളരെ കാലമായി പ്രവർത്തന രഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘത്തിൽ 2012-2013 സാമ്പത്തിക വർഷം വരെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെങ്കിലും, ഓഡിറ്റ് വിഭാഗം നിലവിൽ സംഘത്തെ "RNA" വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും, സംഘത്തിൽ ₹68,509 ഓഹരി ഇനത്തിൽ കാണപ്പെടുന്നതിൽ ₹ 59,000 ഗവൺമെന്റ് നൽകിയതാണെന്നും, സംഘം പുനരുദ്ധരിക്കുന്നതിനോ, തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതി പുനഃസ്ഥാപിക്കുന്നതിനോ സാധ്യമല്ലെന്നും വകുപ്പ് 66 പ്രകാരം അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

മണത്തല പട്ടികജാതി സഹകരണ സംഘം ക്ലിപ്തം ആർ. 100-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ചാവക്കാട് യൂണിറ്റ് ഇൻസ്പെക്ടറെ, കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(74)

നമ്പർ JRGTSR/4066/2025/AEL/K Dis. 2025 ആഗസ്റ്റ് 13.

വിഷയം:—സഹകരണ വകുപ്പ്—തൃശൂർ ജില്ല— തളിക്കുളം മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം ആർ. 1222—സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 1-2-2025-ലെ ARGCVD/580/2024-OI നമ്പർ കത്ത്.

(2) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ നാട്ടിക ഫർക്ക സഹകരണ റൂറൽ ബാങ്ക് ഗ്രൂപ്പ് സ്പെഷ്യൽ സെയിൽ ഓഫീസറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിലെ 13-6-2025-ലെ JRGTSR/3000/2025/AEL നമ്പർ കത്ത്.

തൃശൂർ ജില്ല, ചാവക്കാട് താലൂക്കിന് കീഴിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട തളിക്കുളം മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം ആർ. 1222 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

സംഘം വളരെ കാലമായി പ്രവർത്തന രഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘത്തിൽ 2013-2014 സാമ്പത്തിക വർഷം വരെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെങ്കിലും ഓഡിറ്റ് വിഭാഗം നിലവിൽ സംഘത്തെ “RNA” വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും സംഘത്തിന്റെ മറ്റ് കണക്ക് പുസ്തകങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും, 2013-2014 ലെ ഓഡിറ്റ് കണക്ക് പ്രകാരം ഓഹരി ഇനത്തിൽ ₹50,000 ബാക്കിനിൽപ്പുണ്ടെന്നും സംഘം പുനരുദ്ധരിക്കുന്നതിനോ, തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതി പുനഃസ്ഥാപിക്കുന്നതിനോ സാദ്ധ്യമല്ലെന്നും വകുപ്പ് 66 പ്രകാരം അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

തളിക്കുളം മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം ആർ. 1222-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ തളിക്കുളം യൂണിറ്റ് ഇൻസ്പെക്ടറെ, കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(75)

നമ്പർ JRGTSR/4065/2025/AEL/K Dis. 2025 ആഗസ്റ്റ് 13.

വിഷയം:— സഹകരണ വകുപ്പ്—തൃശൂർ ജില്ല—തളിക്കുളം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം ആർ. 1047 സമാപ്തീകരണം—ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 1-2-2025-ലെ ARGCVD/811/2024-0I നമ്പർ കത്ത്.

(2) ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ചാവക്കാട് ഫർക്ക സഹകരണ റൂറൽ ബാങ്ക് ഗ്രൂപ്പ് സ്പെഷ്യൽ സെയിൽ ഓഫീസറുടെ വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(3) ഈ ഓഫീസിലെ 13-6-2025-ലെ JRGTSR/3000/2025/AEL നമ്പർ കത്ത്.

തൃശൂർ ജില്ല, ചാവക്കാട് താലൂക്കിന് കീഴിൽ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട തളിക്കുളം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം ആർ. 1047 സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) പ്രകാരം കത്ത് സമർപ്പിച്ചിരിക്കുന്നു.

സംഘം വളരെ കാലമായി പ്രവർത്തനരഹിതമായതിനാൽ സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തിയിട്ടുള്ളതാണ്. സംഘത്തിൽ 2013-2014 സാമ്പത്തിക വർഷം വരെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെങ്കിലും ഓഡിറ്റ് വിഭാഗം നിലവിൽ സംഘത്തെ “RNA” വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും സംഘത്തിന്റെ മറ്റ് കണക്ക് പുസ്തകങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും, 2013-2014-ലെ ഓഡിറ്റ് കണക്ക് പ്രകാരം ഓഹരി ഇനത്തിൽ ₹11,000 ബാക്കിനിൽപ്പുണ്ടെന്നും, ₹301 ബാങ്ക് ബാലൻസ് ഉള്ളതായും, സംഘം പുനരുദ്ധരിക്കുന്നതിനോ, തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതി പുനഃസ്ഥാപിക്കുന്നതിനോ സാദ്ധ്യമല്ലെന്നും വകുപ്പ് 66 പ്രകാരം അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമാപ്തീകരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത സാഹചര്യത്തിൽ കേരള ബാങ്കിനോടും സർക്കിൾ സഹകരണ യൂണിയനോടും ഈ വിഷയത്തിൽ അഭിപ്രായം ആരാഞ്ഞ് സൂചന (3) പ്രകാരം കത്തയച്ചിരുന്നെങ്കിലും നാളിതുവരെയും അഭിപ്രായം അറിയിച്ചിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ, സംഘത്തിന്റെ പുനരുദ്ധാരണത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

തളിക്കുളം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം ആർ. 1047-ന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം 71 (1) വകുപ്പിനനുസൃതമായി നിറുത്തൽ ചെയ്ത് കൊണ്ടും, പ്രസ്തുത സംഘത്തിന്റെ സമാപ്തീകരണ നടപടികൾ നിർവഹിക്കുന്നതിനായി ചാവക്കാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ തളിക്കുളം യൂണിറ്റ് ഇൻസ്പെക്ടറെ, കേരള സഹകരണ സംഘം നിയമം 72 വകുപ്പിനനുസൃതമായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ അടിയന്തിരമായി സംഘം റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ് ഏറ്റെടുക്കേണ്ടതും അപ്പീൽ കാലാവധിയായ 60 ദിവസത്തിന് ശേഷം സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ ചാർജ് എടുത്ത തീയതിയിലെ കടധനപട്ടിക, ചാർജ് എടുത്ത തീയതിയിലെ ആസ്തികളുടെയും റിക്കാർഡുകളുടെയും പട്ടിക, ചാർജ് എടുത്ത തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, തൃശൂർ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാസറഗോഡ് ജില്ല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

നമ്പർ ഒ.458/2026/കെഡിസ്. 2026 ജൂൺ 3.

വിഷയം:—നമ്പർ എസ് 556 കാസറഗോഡ് ജില്ല റിട്ടേർഡ് ബാങ്ക് എംപ്ലോയീസ് ക്ഷേമ സഹകരണസംഘം ക്ലിപ്തം—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ എ & ഇ II യൂണിറ്റ് ഇൻസ്പെക്ടറുടെ 11-4-2025-ലെ 02/2025/ബ/എ & ഇ II നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 5-5-2026-ലെ ഇതേ നമ്പർ നോട്ടീസ്.

(3) സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), ഹോസ്ദുർഗ്ഗിന്റെ 19-4-2025-ലെ 1171/2025/ഐ നമ്പർ കത്ത്.

നമ്പർ എസ് 556 കാസറഗോഡ് ജില്ല റിട്ടേർഡ് ബാങ്ക് എംപ്ലോയീസ് ക്ഷേമ സഹകരണസംഘം ക്ലിപ്തം 19-12-2017-ൽ രജിസ്റ്റർ ചെയ്യുകയും 16-3-2018-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘത്തിന്റെ ചീഫ് പ്രൊമോട്ടറുടെ നേതൃത്വത്തിൽ പ്രാഥമിക പൊതുയോഗം ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും 2019-2024 വർഷത്തെ ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്യുകയുണ്ടായി. പ്രസ്തുത ഭരണ സമിതിയുടെ കാലാവധി 9-3-2024-ന് അവസാനിക്കുകയും ചെയ്തു. തുടർന്ന് സംഘത്തിന്റെ പ്രവർത്തനത്തിനായി പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്നുള്ള കാലയളവിൽ സംഘത്തിൽ ഭരണ സമിതിയോ അഡ്മിനിസ്ട്രേറ്റ് കമ്മിറ്റിയോ ചാർജെടുത്തിരുന്നില്ല.

സംഘം നിലവിൽ പ്രവർത്തന രഹിതമാണെന്നും സംഘത്തിൽ പ്രാരംഭ ഓഹരി മൂലധനം പിരിച്ചെടുത്തതല്ലാതെ നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളൊന്നും തന്നെ ഏറ്റെടുത്ത് നടത്തിയിട്ടില്ലെന്നും സംഘത്തിന്റെ പ്രാഥമിക പൊതുയോഗത്തിന് ശേഷം യാതൊരുവിധ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തിയിട്ടില്ലായെന്നും സംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിലില്ല എന്നും സൂചന (1) അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാഹചര്യവും നിലവിൽ ഇല്ലാത്തതിനാൽ കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ഹോസ്ദുർഗ്ഗ് ശുപാർശ ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ സാഹചര്യത്തിൽ, സംഘം പ്രവർത്തനം തുടർന്ന് കൊണ്ട് പോകുന്നതിനുള്ള സാധ്യതയില്ലായെന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71(1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്ത പക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് കൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ അവസാന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ ഹോസ്ദുർഗ്ഗ് എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ അഭിപ്രായമോ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

1. നമ്പർ എസ്. 556 കാസറഗോഡ് ജില്ല റിട്ടേർഡ് ബാങ്ക് എംപ്ലോയീസ് ക്ഷേമ സഹകരണസംഘം ക്ലിപ്തം, കേരള സഹകരണ നിയമം 71(1)-ാം വകുപ്പ് പ്രകാരം സംഘത്തിന്റെ സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് ലിക്വിഡേറ്ററായി ഹോസ്ദുർഗ്ഗ് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ തൃക്കരിപ്പൂർ യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.
2. ലിക്വിഡേറ്റർ 72(2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
3. ലിക്വിഡേറ്റർ ചാർജ് എടുത്തവിവരം എടുത്ത തീയതിയിലെ ആസ്തി-ബാധ്യത പട്ടിക സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
4. ലിക്വിഡേറ്റർ സമാപ്തീകരണ നടപടികൾ സഹകരണ നിയമവും ചട്ടവും സഹകരണസംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങളും പാലിച്ച് നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ഓഫീസ്,
കാസറഗോഡ്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ), (ഇൻ-ചാർജ്).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.06.23 03:06:42 +05:30